നം. 3826/എസ്റ്റാ.ബി3/2020/സി.ആർ.ഡി

ഗ്രാമവികസന കമ്മീഷണറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ-പി.ഒ,തിരുവനന്തപുരം
തീയതി: 28.05.2020

## സർക്കുലർ

വിഷയം;- ഗ്രാമവികസന വകുപ്പ്-ജീവനക്കാര്യം -ജീവനക്കാരുടെ പൊതു സ്ഥലം മാറ്റം 2020- മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത്- പരിഷ്കരിച്ച സമയക്രമം - സംബന്ധിച്ച്.

സൂചന;- ഈ ഓഫീസിൽ നിന്നുള്ള 13.03.2020-ലെ ഇതേ നമ്പർ സർക്കുലർ.

***********

ഗ്രാമവികസന വകുപ്പിലെ 2020 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നതിലേയ്ക്കായി വിവിധ വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷകൾ സമർപ്പിക്കുന്നതിന് സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ടി സർക്കുലർ പ്രകാരം സ്ഥലംമാറ്റത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ന് ലഭിക്കേണ്ടത് 25.03.2020 തീയതിയും, അവിടെ നിന്നും അപേക്ഷകൾ ഈ ഓഫീസിൽ ലഭിക്കേണ്ടത് 04.04.2020 തീയതിയും അന്തിമലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടത് 08.05.2020 തീയതിയും ആയിരുന്നു. എന്നാൽ കോറോണ വ്യാപനം മൂലം ലോക്ഡൗൺ പ്രഖ്യാപിച്ചിട്ടുള്ളതിനാൽ നിരവധിപേർക്ക് സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ യഥാസമയം സമർപ്പിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്നറിയുന്നു. ടി സാഹചര്യത്തിൽ പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കുവാൻ കഴിയാത്തവർക്ക് ചുവടെ പറയുന്ന പുതുക്കിയ സമയക്രമ പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

സമയക്രമം:

| | | |
|---|---|---|
| 1. | പ്രോജക്ട്ഡയറക്ടർ/അസിസ്റ്റന്റ്ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ) മാർക്ക് അപേക്ഷ നൽകേണ്ട അവസാന തീയതി | : 06/06/2020 |
| 2. | പ്രോജക്ട്ഡയറക്ടർ/ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)മാരിൽ നിന്നും ശുപാർശ സഹിതം അപേക്ഷ സി.ആർ.ഡിയിൽ ലഭിക്കേണ്ട അവസാന തീയതി | : 12/06/2020 |
| 3. | അർഹതയുള്ളവരുടെ കരട്ലിസ്റ്റ് പ്രസിദ്ധീകരിയ്ക്കൽ | : 19/06/2020 |
| 4. | കരട് ലിസ്റ്റിന്മേലുള്ള ആക്ഷേപം സി.ആർ.ഡിയിൽ ലഭിക്കേണ്ട അവസാന തീയതി | : 25/06/2020 |
| 5. | അന്തിമലിസ്റ്റ് പ്രസിദ്ധീകരിയ്ക്കുന്ന തീയതി | : 30/06/2020 |

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്;-1. എല്ലാ പ്രോജക്ട് ഡയറക്ടർമാർക്കും

2. എല്ലാ എ.ഡി.സി (ജനറൽ) മാർക്കും

3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും